RCS/2540/2025-CB(1)

**സഹകരണ സംഘം രജിസ്ട്രാർ ആഫീസ്**
**ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ**
**തിരുവനന്തപുരം-695014**
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
**തീയതി:01-06-2025**

## സർക്കുലർ നമ്പർ. 19/2025

വിഷയം: സഹകരണ വകുപ്പ്– കെ.എസ്.ആർ.ടി.സി യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്നത് -നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം: സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ വച്ച് ചേർന്ന 24/05/2025 തീയതിയിലെ യോഗ തീരുമാനം.

കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലൂടെ നിർവഹിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ മുഖേന കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണം നടന്നു വരികയാണ്. പ്രസ്തുത പെൻഷൻ വിതരണം സംബന്ധിച്ച് നിരവധി പരാതികൾ ശ്രദ്ധയിൽപെട്ട സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് പെൻഷൻ വിതരണത്തിനായി കേരളാ ബാങ്കിൽ നിന്നും തുക ലഭിച്ചു കഴിഞ്ഞാൽ ആയതു 24 മണിക്കൂറിനകം പെൻഷനറുടെ സേവിംഗ്സ് അക്കൌണ്ടിലേക്ക് വരവ് വയ്ക്കേണ്ടതാണ്.
2. യൂണിറ്റ് ഇൻസ്പെക്ടർമാർ നടത്തുന്ന വിശദ/ആകസ്മിക പരിശോധനയിൽ പെൻഷൻ വിതരണത്തിനായി ലഭിച്ച തുക ഇപ്രകാരം പെൻഷനറുടെ സേവിംഗ്സ് അക്കൌണ്ടിലേക്ക് വരവ് വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
3. എന്തെങ്കിലും കാരണത്താൽ പെൻഷൻ വിതരണം നടത്താൻ കഴിയാതെ ശേഷിക്കുന്ന തുക പ്രാഥമിക സംഘങ്ങൾ തുക ലഭിച്ച് 10 ദിവസത്തിനുള്ളിൽ സംസ്ഥാന സഹകരണ ബാങ്കിലെ കൺസോർഷ്യം പൂൾ അക്കൗണ്ടായ **99992200506001 IFSC CODE-KSBK0000101** ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. ടി തുക യഥാസമയം നിക്ഷേപിക്കാതിരിക്കുകയോ, മറ്റേതെങ്കിലും

അക്കൌണ്ടിലേക്ക് മാറി നിക്ഷേപിക്കുകയോ ചെയ്താൽ പ്രസ്തുത തുകയ്ക്ക് ടി സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഉത്തരവാദിയായിരിക്കും.

4. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ പെൻഷൻ തുക പെൻഷനറുടെ സേവിംഗ്സ് അക്കൌണ്ടിലേക്ക് വരവ് വച്ചശേഷം ടിയാൾ മരണപെട്ടതായി കെ.എസ്.ആർ.ടി.സി.യിൽ നിന്നും അറിയിപ്പ് ലഭിച്ചാൽ പ്രസ്തുത അറിയിപ്പ് ലഭിച്ച 5 ദിവസത്തിനകം പെൻഷൻ തുക സംസ്ഥാന സഹകരണ ബാങ്കിലെ കൺസോർഷ്യം പൂൾ അക്കൗണ്ടായ 99992200506001 IFSC CODE-KSBK0000101 ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്. ടി തുക യഥാസമയം നിക്ഷേപിക്കാതിരിക്കുകയോ, മറ്റേതെങ്കിലും അക്കൌണ്ടിലേക്ക് മാറി നിക്ഷേപിക്കുകയോ ചെയ്താൽ പ്രസ്തുത തുകയ്ക്ക് ടി സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഉത്തരവാദിയായിരിക്കും.
5. മേൽ നിർദ്ദേശം 4,5 എന്നിവ പ്രകാരം കൺസോർഷ്യം പൂൾ അക്കൗണ്ടിലേക്ക് തുക തിരികെ നിക്ഷേപിച്ചശേഷം ചുവടെ പറയുന്ന പ്രോഫോർമയിൽ ടി തുക സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തി cobankcad@yahoo.co.in എന്ന ഇ-മെയിലിൽ കേരളാ ബാങ്കിന് നൽകേണ്ടതാണ്.

| Sl No | PPO Number | Name | Name of PACS | District | Amount | Date of Refund | Details of refund amount (Month) | Reason for Refund |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |

6. പെൻഷൻ വിതരണം നടത്താൻ സാധിക്കാതെ കൺസോർഷ്യം പൂൾ അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിക്കുന്ന തുക കേരളാ ബാങ്ക് മേൽ പട്ടിക പ്രകാരം പരിശോധിച്ച ശേഷം കൺസോളിഡേറ്റ് ചെയ്ത് അനുരഞ്ജനം നടത്തുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ആഫീസ് ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർക്ക് നൽകേണ്ടതാണ്.
7. ഓരോ വർഷവും നവംബർ മാസത്തെ പെൻഷൻ വിതരണം അവസാനിച്ച ശേഷം ഡിസംബർ 31 ന മുൻപായി സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ആഫീസ് ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ അനുരഞ്ജനം പൂർത്തിയാക്കി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**ഡോ.ഡി. സജിത് ബാബു ഐ.എ.എസ്**

**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്:**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,

2.എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും,

3.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
(ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന

4. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും
ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന

5. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

6. സ്റ്റോക്ക് ഫയൽ

7. സ്പെയർ

//ആജ്ഞാനുസരണം//

**Signed by Smitha J V**

**Date: 02-06-2025 14:33:38**

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി )